പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 934      11.03.2015 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കൾക്ക് ലാപ് ടോപ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കളായ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് തീരുമാനിച്ചിരുന്നോ ; | (എ) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സജീവാംഗത്വമുള്ള തൊഴിലാളികളുടെ മക്കളിൽ പ്രൊഫഷണൽ കോളേജുകളിൽ 2011 ൽ പൂർണ്ണമായും മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയ അർഹരായ വിദ്യാർത്ഥികൾക്ക് ഓരോ ലാപ്ടോപ്പ് അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു. |
| (ബി) എങ്കിൽ ഈ ഇനത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും ഇതിൽ എത്ര പേർക്ക് ലാപ് ടോപ് നൽകിയെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ ; | (ബി) ക്ഷേമനിധി ബോർഡിന്റെ 14 ജില്ലാ ആഫീസുകൾ മുഖേന ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് 353 അപേക്ഷകൾ മേൽ നടപടിയ്ക്കായി തെരഞ്ഞെടുത്തിട്ടുണ്ട് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിലേക്കുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. അതിനാൽ നിലവിൽ ആർക്കുംതന്നെ ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല. |
| (സി) ഇതിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ? | (സി) ലാപ്ടോപ്പ് വാങ്ങി നൽകുന്നതിലേക്ക് പാലിക്കേണ്ട വ്യവസ്ഥകളുടെയും മാർഗ്ഗ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ 02/05/2014 ൽ ഇ-ടെണ്ടർ ക്ഷണിച്ചു. ആയത് 28/05/2014 ൽ തുറന്ന് പരിശോധിച്ചുവെങ്കിലും സാങ്കേതികമായി യോഗ്യതയുള്ള സ്ഥാപനങ്ങൾ കുറവാകയാൽ കൂടുതൽ കമ്പനികളെ/ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് മത്സരാധിഷ്ഠിത റേറ്റ് ലഭ്യമാക്കുന്നതിന് ഒരു അവസരംകൂടി ലഭിക്കുന്നതിലേക്ക് ടി ടെണ്ടർ റദ്ദ് ചെയ്ത് വീണ്ടും ഇ- ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ചു. തുടർന്ന് മൂന്ന് പ്രാവശ്യം ഇ-ടെണ്ടറും, റീ-ടെണ്ടറും ക്ഷണിച്ചുവെങ്കിലും സാങ്കേതികമായ പല കാരണങ്ങളാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. വീണ്ടും 28/02/2015 ൽ ഇ-ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. പ്രസ്തുത ഇ- ടെണ്ടർ 24/03/2015ൽ തുറന്ന് പരിശോധിക്കുന്നതും നിയമാനുസൃത നടപടി ക്രമങ്ങൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് ലാപ്ടോപ്പ് വാങ്ങി അർഹരായവർക്ക് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു. |

Deepa

സെക്ഷൻ ഓഫീസർ